## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2320** **18/03/2015-ൽ മറുപടിക്ക്**

**മലപ്പുറം ജില്ലയിൽ ഐ.ടി. പാർക്ക്**

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും, ഇതിനായി എത്ര ഏക്കർ സ്ഥലം വേണ്ടിവരുമെന്നും, എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് അരീക്കോട് കാവന്നൂർ വില്ലേജുകളിലായി 53.72 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ 22/08/2014-ന് നടത്തിയ യോഗനടപടിക്കുറിപ്പ് പ്രകാരം ഏകദേശം 37 ഏക്കർ ഭൂമി വിട്ടുതരാൻ തയ്യാറാണെന്ന് ഭൂവുടമകൾ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ 37 ഏക്കർ ഭൂമിയിലാണ് ഐ.ടി. പാർക്ക് നിർമ്മിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നത്. ഇതിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (സി) | സർക്കാർ കണ്ടെത്തിയ ഭൂമിയുടെ 100 ഏക്കർ ചുറ്റളവിൽ പട്ടികജാതി കോളനി ഉൾപ്പടെ 200 ലധികം വീടുകളും, കുടുംബ ശ്മശാനങ്ങളും, ക്ഷേത്രങ്ങളും, തണ്ണീർത്തടങ്ങളും, വഖഫ് ഭൂമിയും ഉണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) | ഭൂവുടമകൾ വിട്ടു തരാൻ തയ്യാറായി, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 37 ഏക്കർ ഭൂമിയിൽ തണ്ണീർത്തടങ്ങളോ, ശ്മശാനമോ, വീടുകളോ, വഖഫ് ഭൂമിയോ ഇല്ല. പ്രസ്തുത ഭൂമിയുടെ 100 ഏക്കർ ചുറ്റളവിൽ പട്ടികജാതി കോളനി ഉൾപ്പെടെ 200-ൽ അധികം വീടുകളും, കുടുംബ ശ്മശാനങ്ങളും, ക്ഷേത്രങ്ങളും, തണ്ണീർത്തടങ്ങളും, വഖഫ് ഭൂമിയും ഉണ്ടോ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | റോഡ് ലെവലിൽ നിന്നും 200 അടി താഴ്ചയുള്ള ഈ മലഞ്ചരുവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവ് കൂടും എന്ന് ഐ.റ്റി. വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഇപ്പോൾ കണ്ടെത്തിയ ഭൂമിക്ക് റോഡ് ലെവലിൽ നിന്ന് 200 അടി താഴ്ചയില്ല. എന്നാൽ ഈ പ്രദേശം മലഞ്ചരിവ് ആയതിനാൽ പ്രസ്തുത ഭൂമിയെ സംബന്ധിച്ച് വിശദമായ സാധ്യതാ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥലത്തിനു പകരമായി എടവണ്ണ പഞ്ചായത്തിലെ പെരകമണ്ണ വില്ലേജിൽ 100 ഏക്കർ സ്ഥലം ഭൂവുടമകൾ വിട്ടു നൽകാൻ തയ്യാറാണെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇതു സംബന്ധിച്ച് ഒരു രേഖയും സർക്കാരിൽ ലഭ്യമല്ല. |
| (എഫ്) | സർക്കാർ കണ്ടെത്തിയ ഭൂമിയുടെ വിലയെക്കാളും കുറഞ്ഞ വിലയും, നിർമ്മാണച്ചെലവ് കുറഞ്ഞതുമായ, പകരം നിർദ്ദേശിക്കപ്പെട്ട സ്ഥലം ഐ.റ്റി. പാർക്കിനായി പരിഗണിക്കുന്നത് ലാഭകരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എഫ്) | പകരം നിർദ്ദേശിക്കപ്പെട്ട സ്ഥലം സർക്കാർ കണ്ടെത്തിയ ഭൂമിയുടെ വിലയെക്കാളും കുറഞ്ഞ വിലയും, നിർമ്മാണ ചിലവ് കുറഞ്ഞതുമാണെന്ന് കണ്ടെത്തിയിട്ടില്ല. |
| (ജി) | സർക്കാർ കണ്ടെത്തിയ സ്ഥലത്തിലൂടെ 220 കെ.വി. ലൈൻ കടന്നു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 220 കെ. വി. ലൈനിനു താഴെ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്താൻ സാധിക്കാത്ത കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇതിന് മുൻപ് മറ്റു സ്ഥലങ്ങളിൽ ഐ.റ്റി പാർക്കിനായി പ്രാഥമിക സർവ്വെകൾ നടത്തിയിട്ടുണ്ടായിരുന്നോ; എങ്കിൽ ആ സ്ഥലങ്ങൾ എന്തുകൊണ്ടാണ് പരിഗണിക്കാതിരുന്നത് എന്ന് വ്യക്തമാക്കാമോ? | (ജി) | നിർദ്ദിഷ്ട ഭൂമിയുടെ ഒരറ്റത്ത് കൂടിയാണ് 220 Kv ലൈൻ കടന്നു പോകുന്നത്. ആയത് ഐ.ടി. പാർക്കിന് പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. നിയമങ്ങൾക്കു വിധേയമായി പദ്ധതി നടപ്പിൽ വരുത്താവുന്നതാണ്. ഇതിനു മുമ്പ് അരീക്കോട് പഞ്ചായത്തിൽ കിളിക്കല്ല്, കാരിപറമ്പ്, ചെമ്പാപറമ്പ്, മാതക്കോട് എന്നീ സ്ഥലങ്ങളിൽ പ്രാഥമിക സർവേ നടത്തിയിരുന്നു. പാർക്ക് സ്ഥാപിക്കുന്നതിന് പരിഗണിക്കപ്പെടുന്ന ഭൂമി കിളിക്കല്ല് ആണ്. മറ്റു ഭൂമികൾ പരിഗണിക്കാതിരുന്നതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. <u>കിളിക്കല്ല്</u> : വീടില്ലാത്ത തുടർച്ചയായി ലഭിക്കുന്ന ഭൂമിയും, വെള്ളത്തിന്റെയും, വൈദ്യുതിയുടെയും ലഭ്യതയും, റോഡു സൗകര്യവുമാണ് ഈ ഭൂമിയുടെ അനുകൂല ഘടകങ്ങൾ. |

| | | | |
|---|---|---|---|
| | | | 2.കാരിപറമ്പ് : വഖഫ് ഭൂമിയും, കൃഷി ചെയ്യുന്ന വയലും കൂടുതൽ ഉള്ളത് ഈ ഭൂമിയുടെ പ്രതികൂല ഘടകങ്ങൾ.<br>3. ചെമ്പാപറമ്പ് : ജലത്തിന്റെ ലഭ്യത കുറവും, പൊതുവഴി മദ്ധ്യത്തിലൂടെ കടന്നു പോകുന്നതുകൊണ്ട് 25 ഏക്കർ പോലും തുടർച്ചയായി ലഭിക്കാത്തതും ഈ സ്ഥലത്തുള്ള ഭൂമിയുടെ പ്രതികൂല ഘടകങ്ങൾ.<br>4. മാതക്കോട് : വളരെ കുറഞ്ഞ അളവിലുള്ള ഭൂമി മാത്രമെ ഇവിടെ ലഭിക്കുന്നുള്ളൂ. ഏകദേശം 15 ഏക്കർ ഭൂമി മാത്രമാണ് ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ